# പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ആഗസ്റ്റ് 30, ചൊവ്വ

**നമ്പർ 81**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**അടിയന്തരപ്രമേയം :**

സംസ്ഥാനത്ത് തെരുവ് നായ ശല്യം രൂക്ഷമാകുന്നതുകാരണം നിരവധിപേർക്ക് തെരുവ് നായയുടെ കടിയേൽക്കുകയും പലരും മരണപ്പെടുകയും ചെയ്യുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. കെ. ബഷീറും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയ്ക്ക് നോട്ടീസ് നല്കിയിരുന്നു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, മുഖ്യമന്ത്രി എന്നിവരുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

**ശ്രദ്ധ ക്ഷണിക്കൽ :**

1. വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തീരദേശവാസികൾക്കുള്ള ആശങ്ക പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കടകംപള്ളി സുരേന്ദ്രൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. സംസ്ഥാനത്തിന്റെ സാംസ്കാരിക-വിദ്യാഭ്യാസ നിലവാരങ്ങൾക്കനുസൃതമായ സംസ്ഥാന വിദ്യാഭ്യാസ നയം ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1226/2022(i)

1. ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയിലെ വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ യു.ജി.സി. അംഗീകാരം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 2 | ശ്രീ. എൻ. കെ. അക്ബർ | മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ | തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. ഷാഫി പറമ്പിൽ | പാലക്കാട് നഗരസഭയുടെ പരിധിയിൽ വരുന്ന റോഡുകളുടെ പുനരുദ്ധാരണം | തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 4 | ശ്രീ. മുരളി പെരുനെല്ലി | മണലൂരിൽ കുടിവെള്ള പദ്ധതിക്കായി പൊളിച്ച വിവിധ റോഡുകളുടെ റിസ്റ്റോറേഷൻ പ്രവൃത്തികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. ആന്റണി ജോൺ | ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. മമ്മിക്കുട്ടി | നെല്ലായയിലെ കരിങ്കൽ ഖനന ക്വാറിയുടെ പ്രവർത്തനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 7 | ഡോ. എം. കെ. മുനീർ | കൊടുവള്ളി സി.എച്ച്.എം.കെ.എം ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ സമഗ്ര വികസനം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 8 | ശ്രീ.സനീഷ്കുമാർ ജോസഫ് | ചാലക്കുടി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ശശി | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ താഴമ്പള്ളി, കഠിനംകുളം ഭാഗത്തെ തീരസംരക്ഷണം | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |
| 10. | ശ്രീ. എം. രാജഗോപാലൻ | മലബാർ ഇസ്ലാമിക് കോംപ്ലക്സിന് പകരം ഭൂമി | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

**നിയമനിർമ്മാണകാര്യം** :

സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:

1) 2022 - ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ

മുഖ്യമന്ത്രിക്ക് വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവർ പ്രമേയത്തെ എതിർത്തുകൊണ്ട് ക്രമപ്രശ്നങ്ങൾ ഉന്നയിച്ച് സംസാരിച്ചു. ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ലെന്ന് സ്പീക്കർ റൂളിംഗ് നൽകി. തുടർന്ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. വി. ഡി. സതീശൻ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നീ അംഗങ്ങൾ സംസാരിച്ചു. 2022 -ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. പി. ചിത്തരഞ്ജൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച് സംസാരിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭ തള്ളുകയും ചെയ്തു.

(ബിൽ പരിഗണനയ്ക്ക് എടുത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിച്ചു.)

തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

ഒന്നാം വകുപ്പ്

In Clause 1(2) the words "be deemed to have" after the words and number "and 7 shall" shall be deleted.

രണ്ടാം വകുപ്പ്

(i) In clause 2 for the words and symbols "Amendment of Section 2.- in section 2(d) of the principal Act.-" the words and symbols "Amendment of

section 2.- in the Kerala Lok Ayukta Act, 1999 (8 of 1999) hereinafter referred to as the principal Act, in clause (d) of Section 2” shall be substituted.

(ii) In Section 2(d)(ia) proposed to be inserted in the principal Act by Clause 2(b) the symbols “ ” . ” shall be added at the end.

മൂന്നാം വകുപ്പ്

In section 3(2) proposed to be amended in the Principal Act by Clause 3(i), for the words “Judge of the High Court”, the words “Judge of a High Court” shall be substituted.

നാലാം വകുപ്പ്

In clause 4(c), the words and figure “Clause 6 shall be added and the remaining clauses shall be renumbered accordingly.” shall be deleted.

ആറാം വകുപ്പ്

(i) In section 7(5A) proposed to be inserted in the Principal Act by Clause 6(iii), after the words “Upa-Lok Ayukta” , the word “available” shall be inserted.

(ii) In section 7(5A) proposed to be inserted in the principal Act by Clause 6(iii) for the words "act as" the words "discharge the functions of" shall be substituted.

ഏഴാം വകുപ്പ്

(i) In section 14(2) proposed to be substituted in the principal Act by clause 7 after the word “communicate” , the word “to” shall be inserted.

(ii) In section 14(2) proposed to be substituted in the principal Act by Clause 7, after the words “basis of” the word “the” shall be inserted.

(iii) In section 14(2) proposed to be substituted in the principal Act by Clause 7, for the word “and” occuring after the word “recommendation” the word “or” shall be substituted.

(iv) In section 14(3) proposed to be substituted in the principal Act by clause 7, after the words “In the case of” the letter “a” shall be inserted.

(v) In section 14(3) proposed to be substituted in the principal Act by Clause 7, after the words "in accordance with" the word "the" shall be inserted.

(vi) In section 14(3) proposed to be substituted in the principal Act by Clause 7, after the word "rules" the words "or regulations" shall be inserted.

(vii) In section 14(3) proposed to be substituted in the principal Act by Clause 7, after the words "applicable to" the words "the service of" shall be inserted.

(2) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

മുഖ്യമന്ത്രിക്ക് വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച് സംസാരിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

ഒന്നാം വകുപ്പ്

In clause 1(1) the word "Second" shall be deleted.

3) 2022 - ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച് സംസാരിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ സഭ പാസ്സാക്കുകയും ചെയ്തു.

2022 ആഗസ്റ്റ് 31- ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.36 - ന് സഭ പിരിഞ്ഞു.

എ. എം. ബഷീർ,

സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY

Sixth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, August 30, 2022*

**No. 81**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion*:

After hearing the Minister for Health and Woman and Child Development, Minister for Animal Husbandry and Dairy Development and Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri P. K. Basheer and four other Members regarding the serious situation reported to have arisen consequent to the rampant stray dog nuisance in the state which has led to dog bite to many people by the stray dogs and various deaths due to dog bite.

*Calling Attention* :

1. Shri Kadakampally Surendran called the attention of the Chief Minister to the necessity to address the concerns of coastal residents due to the construction of Vizhinjam Sea Port. The Chief Minister made a statement thereto.
2. Prof. Abid Hussain Thangal called the attention of the Minister for General Education and Labour to formulate and implement a State Education Policy in accordance with the cultural and educational excellence of the State. The Minister made a statement thereto.

KNPP. 1226/2022(ii).

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയിലെ വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ യു.ജി.സി. അംഗീകാരം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 2 | ശ്രീ. എൻ. കെ. അക്ബർ | മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ | തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. ഷാഫി പറമ്പിൽ | പാലക്കാട് നഗരസഭയുടെ പരിധിയിൽ വരുന്ന റോഡുകളുടെ പുനരുദ്ധാരണം | തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 4 | ശ്രീ. മുരളി പെരുനെല്ലി | മണലൂരിൽ കുടിവെള്ള പദ്ധതിക്കായി പൊളിച്ച വിവിധ റോഡുകളുടെ റിസ്റ്റോറേഷൻ പ്രവൃത്തികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. ആന്റണി ജോൺ | ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. മമ്മിക്കുട്ടി | നെല്ലായയിലെ കരിങ്കൽ ഖനന ക്വാറിയുടെ പ്രവർത്തനം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 7 | ഡോ. എം. കെ. മുനീർ | കൊടുവള്ളി സി.എച്ച്.എം.കെ.എം ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ സമഗ്ര വികസനം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 8 | ശ്രീ.സനീഷ്കുമാർ ജോസഫ് | ചാലക്കുടി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ശശി | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ താഴമ്പള്ളി, കഠിനംകുളം ഭാഗത്തെ തീരസംരക്ഷണം | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |
| 10. | ശ്രീ. എം. രാജഗോപാലൻ | മലബാർ ഇസ്ലാമിക് കോംപ്ലക്സിന് പകരം ഭൂമി | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

Legislative Business :

Motion for Consideration and further stages of the following Bills as reported by the Subject Committee :

(1) *The Kerala Lok Ayukta (Amendment) Bill, 2022.*

Shri P. Rajeeve, Minister for Law, Industries and Coir on behalf of the Chief Minister moved the motion that The Kerala Lok Ayukta (Amendment) Bill, 2022 as reported by the Subject Committee be taken up for consideration. Shri Ramesh Chennithala and Shri P. C. Vishnunadh raised objections regarding the Motion and spoke. The Speaker ruled out the objections. Then Shri V. D. Satheesan, Leader of Opposition and Shri P. K. Kunhalikutty who recorded their dissent to the Subject Committee Report spoke. Shri A. C. Moideen as authorised by Shri P. P. Chitharanjan moved an amendment to circulate The Kerala Lok Ayukta (Amendment) Bill, 2022 for obtaining public opinion and spoke. Shri Ramesh Chennithala as authorised by Shri K. Babu (*Thripoonithura*) moved another amendment to recommit the Bill to the same Subject Committee and spoke. After discussion and reply of the Minister the amendment to circulate the Bill for obtaining public opinion was withdrawn by the leave of the House and the amendment to recommit the Bill to the same Subject Committee was declared lost.

(Members belonging to the Opposition parties boycotted rest of the proceedings in protest against the consideration of the Bill.)

Then the Bill as reported by the Subject Committee was taken into consideration and was passed unanimously with the following amendments.

<u>ഒന്നാം വകുപ്പ്</u>

In Clause 1(2) the words "be deemed to have" after the words and number "and 7 shall" shall be deleted.

<u>രണ്ടാം വകുപ്പ്</u>

(i) In clause 2 for the words and symbols "Amendment of Section 2.- in section 2(d) of the principal Act.-" the words and symbols "Amendment of section

2.- in the Kerala Lok Ayukta Act, 1999 (8 of 1999) hereinafter referred to as the principal Act, in clause (d) of Section 2” shall be substituted.

(ii) In Section 2(d)(ia) proposed to be inserted in the principal Act by Clause 2(b) the symbols “ ”. ” shall be added at the end.

<u>മൂന്നാം വകുപ്പ്</u>

In section 3(2) proposed to be amended in the Principal Act by Clause 3(i), for the words “Judge of the High Court”, the words “Judge of a High Court” shall be substituted.

<u>നാലാം വകുപ്പ്</u>

In clause 4(c), the words and figure “Clause 6 shall be added and the remaining clauses shall be renumbered accordingly.” shall be deleted.

<u>ആറാം വകുപ്പ്</u>

(i) In section 7(5A) proposed to be inserted in the Principal Act by Clause 6(iii), after the words “Upa-Lok Ayukta”, the word “available” shall be inserted.

(ii) In section 7(5A) proposed to be inserted in the principal Act by Clause 6(iii) for the words "act as" the words "discharge the functions of" shall be substituted.

<u>ഏഴാം വകുപ്പ്</u>

(i) In section 14(2) proposed to be substituted in the principal Act by clause 7 after the word “communicate”, the word “to” shall be inserted.

(ii) In section 14(2) proposed to be substituted in the principal Act by Clause 7, after the words “basis of” the word “the” shall be inserted.

(iii) In section 14(2) proposed to be substituted in the principal Act by Clause 7, for the word “and” occuring after the word “recommendation” the word “or” shall be substituted.

(iv) In section 14(3) proposed to be substituted in the principal Act by clause 7, after the words “In the case of” the letter “a” shall be inserted.

(v) In section 14(3) proposed to be substituted in the principal Act by Clause 7, after the words "in accordance with" the word "the" shall be inserted.

(vi) In section 14(3) proposed to be substituted in the principal Act by Clause 7, after the word "rules" the words "or regulations" shall be inserted.

(vii) In section 14(3) proposed to be substituted in the principal Act by Clause 7, after the words "applicable to" the words "the service of" shall be inserted.

(2) The Kerala Public Service Commission (Additional Functions as respects certain Corporations and Companies) Second Amendment Bill, 2022.

Shri P. Rajeeve, Minister for Law, Industries and Coir on behalf of the Chief Minister moved the motion that The Kerala Public Service Commission (Additional Functions as respects certain Corporations and Companies) Second Amendment Bill, 2022 as reported by the Subject Committee be taken up for consideration. Shri K. P. Kunhammed Kutti Master as authorised by Shri K. D. Prasenan moved an amendment to recommit the Bill to the same Subject Committee and spoke. After discussion and reply of the Minister the amendment moved was withdrawn by the leave of the House. Then the Bill as reported by the Subject Committee was taken into consideration and passed by the House unanimously with the following amendment.

ഒന്നാം വകുപ്പ്

In clause 1(1) the word "Second" shall be deleted.

(3) The Kerala Jewellery Workers' Welfare Fund (Amendment) Bill, 2022.

Shri V. Sivankutty, Minister for General Education and Labour moved the motion that The Kerala Jewellery Workers' Welfare Fund (Amendment) Bill, 2022 as reported by the Subject Committee be taken up for consideration. Shri Murali Perunelly moved an amendment to circulate the Bill for obtaining public opinion

and spoke. After discussion and reply of the Minister the amendment moved was withdrawn by the leave of the House. Then the Bill as reported by the Subject Committee was taken into consideration and passed by the House unanimously without any amendment.

The House adjourned at 3.36 p.m. to meet again at 9.00 a.m. on Wednesday August 31, 2022.

A. M. Basheer,

*Secretary.*